**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 463** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. ടി. എം. ശശി

ശ്രീ. പി. പി. സുമോദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

**<u>മറുപടി:</u>** എല്ലാ മേഖലകളിലുമുള്ള വികസനത്തിനും, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, വൈദ്യുതി ലഭ്യത ഒരു പ്രധാന പങ്കുവഹിക്കുന്നതിനാൽ 2017-ഓടു കൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന്, 2016 ജൂൺ മാസത്തിൽ നിയമസഭയിൽ കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിരുന്നു. കേരള സംസ്ഥാന-ത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പ്രഖ്യാപനം 29/5/2017 ന് നിർവ്വഹിക്കുകയുണ്ടായി.

**(ബി)** സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി എത്ര പേർക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്;വിശദാംശം നൽകാമോ;

**<u>മറുപടി:</u>** സമ്പൂർണ വൈദ്യുതീകരണ പദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്. വൈദ്യുതീകരണ പദ്ധതിക്കായി എകദേശം 175 കോടി രൂപയാണ് ആകെ ചെലവായത്.

**(സി)** സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;വിശദമാക്കാമോ?

**<u>മറുപടി:</u>** സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. മേൽ വിഭാഗത്തിലുള്ള ബി പി എൽ അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 2018-2022 കാലയളവിൽ ദ്യുതി 1 പദ്ധതിയിലും 2022-27 കാലയളവിൽ കെ.എസ്.ഇ.ബി.എൽ-ന്റെ Multi Year Plan-ലും 100 കോടി രൂപ വീതം കെ.എസ്.ഇ.ബി.എൽ-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. 2018-19 മുതൽ 2025-26 വരെ 151.09 കോടി രൂപ ചെലവഴിച്ച് 136481 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**